## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1238   13.06.2013 - ലെ മറുപടിയ്ക്ക്

### ഹരിത നിർമ്മാണ നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ. ബഷീർ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹരിതനിർമ്മാണ നയം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | സർക്കാരിന്റെ 07.03.2013 ലെ ജി.ഒ. (എം.എസ്) നം. 28/2013/പൊ.മ.വ. എന്ന ഉത്തരവ് പ്രകാരം ഹരിതനിർമ്മാണ സാങ്കേതികവിദ്യ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിലവിൽ വന്നു. ഹരിതനിർമ്മാണ സാങ്കേതിക വിദ്യയിൽ പൊതുമരാമത്ത് വകുപ്പിന്റെ മേഖലാ ഓഫീസ് തലത്തിൽ പരിശീലന ക്ളാസ്സുകൾ സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊതു മരാമത്ത് വകുപ്പ് നേര്യമംഗലത്ത് നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഓഫീസ് സമുച്ചയം ഹരിത നിർമ്മാണ സാങ്കേതിക വിദ്യ അനുസരിച്ചാണ് നിർമ്മിക്കുന്നത്. |
| (സി) | ഹരിതനിർമ്മാണ നയം കൂടുതൽ നിർമ്മാണ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (സി) | പൊതുമരാമത്ത് വകുപ്പ് ഭാവിയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ നയത്തെ അടിസ്ഥാനമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പൊതു സ്വകാര്യ മേഖലകളിൽ ഹരിത നിർമ്മാണ സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ വേണ്ട പ്രോത്സാഹനം നൽകുവാനും പ്രസ്തുത നയം ലക്ഷ്യമിടുന്നു. |

Manjel

**സെക്ഷൻ ഓഫീസർ**